(ഇ) ഈ സർക്കാർ റേഷനരിയുടെ വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ കേന്ദ്ര വിൽപ്പന വിലയുടെ വർദ്ധനവനുസരിച്ച് വില മൂന്നുതവണ (1.6.97, 1.12.97, 29.1.99 തീയതികളിൽ) പുതുക്കി നിശ്ചയിക്കുകയുണ്ടായി.

(എഫ്)ഓരോ തവണയും വിലയിൽ ഉണ്ടായ വ്യത്യാസം താഴെ കൊടുത്തിരിക്കുന്നു.

	1.6.97	1.12.97	29.1.99
	കിലോഗ്രാം		
കോമൺ അരി	5.70-ൽ നിന്നും 3.90 ആയി കുറഞ്ഞു	വില വ്യത്യാസമില്ല	വില വ്യത്യാസമില്ല
ഫൈൻ അരി	6.51-ൽ നിന്നും 6.90 ആയി വർദ്ധിച്ചു	'എ' ഗ്രേഡ് അരിയ്ക്ക് കി. ഗ്രാമിന് 6.90-ൽ നിന്ന് 7.50 ആയി വർദ്ധിച്ചു	7.50-ൽ നിന്നും 9.60 ആയി വർദ്ധിച്ചു. സംസ്ഥാന സബ്സിഡിയോടെ ആഴ്ചയിൽ 4 കിലോഗ്രാം വരെ 8.60 രൂപയ്ക്ക് ലഭിക്കുന്നു.
സൂപ്പർ ഫൈൻ	6.82-ൽ നിന്നും 7.90 ആയി വർദ്ധിച്ചു		

101 (101) റേഷൻ റീട്ടെയിൽ വ്യാപാരികൾക്കുള്ള കമ്മീഷൻ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ റീട്ടെയിൽ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിച്ചു നൽകുന്നത് സംബന്ധിച്ചു പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സിവിൽ സപ്ലൈസ് കമ്മിഷണറെ ഏകാംഗ കമ്മിഷനായി നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

102 (102) റേഷൻ സാധനങ്ങളുടെ വിലവർദ്ധനവ്

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി രാധാ രാഘവൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേന്ദ്ര ഗവൺമെന്റ് എപ്പോഴെല്ലാം റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ട്; എത്ര വീതമാണ് വർദ്ധിപ്പിച്ചത്;

(ബി) കേന്ദ്രം റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചപ്പോൾ ഓരോ പ്രാവശ്യവും സംസ്ഥാന ഗവൺമെന്റ് എത്ര വീതം വിലകൂട്ടി;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷൻകട കൾ വഴി വിതരണം ചെയ്യുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നി വയ്ക്ക് എത്ര പ്രാവശ്യം വില വർദ്ധിപ്പിച്ചിട്ടുണ്ട്;

(ഡി) ഏതെല്ലാം തീയതികളിൽ എത്ര വീതമാണ് ഓരോന്നിനും വില വർദ്ധിപ്പിച്ചതെന്നു വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റേഷൻ കട കൾവഴി വിതരണം ചെയ്യുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ യുടെ ഓരോന്നിന്റെയും വില എത്രയായിരുന്നു;

(എഫ്) ഇപ്പോൾ അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ ഓരോന്നിന്റെയും വില എത്രയാണെന്നു വ്യക്തമാക്കുമോ;

(ജി) റേഷൻ കടക്കാരുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം റേഷൻ സാധനങ്ങൾക്ക് എപ്പോ ഴെല്ലാം എന്തു തുക വീതം വില വർദ്ധിപ്പിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റ് റേഷൻ സാധനങ്ങളുടെ വില 1.6.97, 10.2.97, 1.10.97, 1.12.97,29.1.99, 15.2.99, 1.4.99 തീയതികളിൽ പുതുക്കി നിശ്ചയിക്കുകയു ണ്ടായി. 1.6.1997-ൽ കോമൺ അരിയുടെ വില 537 രൂപയിൽനിന്നും 350 രൂപ യായി കുറച്ചു. ഫൈൻ അരിയുടെ വില 617 രൂപയിൽനിന്നും 650 രൂപയായും സൂപ്പർ ഫൈൻ അരിയുടെ വില 648 രൂപയിൽ നിന്നും 750 രൂപയായും വർദ്ധി പ്പിച്ചു. ഗോതമ്പിന്റെ വില 1.6.97-ൽ കിന്റലിന് 402 രൂപയിൽനിന്നും 450 രൂപ യായി വർദ്ധിപ്പിച്ചു. 10.2.97-ൽ പഞ്ചസാരയുടെ കേന്ദ്ര വിൽപ്പന വില 9.05 രൂപ യിൽ നിന്നും 10.50 രൂപയായും 1.10.97-ൽ 10.50 രൂപയിൽ നിന്നും 11.40 രൂപ യായും വർദ്ധിപ്പിച്ചു.

1.12.1997-ൽ ഫൈൻ, സൂപ്പർ ഫൈൻ എന്നിവ ഏകോപിപ്പിച്ച് 'എ' ഗ്രേഡ് അരിയാക്കുകയും വില കിന്റലിന് 700 രൂപയായി നിജപ്പെടുത്തുകയും ചെയ്തു. ഗോതമ്പിന്റെ വില 1.12.97-ൽ 4.50 രൂപയിൽ നിന്നും 5.00 രൂപയായി വർദ്ധിപ്പിച്ചു.

29.1.99-ൽ കോമൺ അരിയുടെ വില 350-ൽ നിന്നും 452 രൂപയായി വർദ്ധിപ്പിക്കുകയും 6.2.99 മുതൽ ടി വർദ്ധനവ് പിൻവലിക്കുകയും ചെയ്തു. ''എ''ഗ്രേഡ് അരിയുടെ വില 29.1.99 മുതൽ 700-ൽ നിന്നും 905 രൂപയായും ഗോതമ്പിന്റെ വില 500 രൂപയിൽ നിന്നും 650 രൂപയായും വർദ്ധിപ്പിച്ചു.

15.2.99-ൽ പഞ്ചസാരയുടെ കേന്ദ്ര വിൽപ്പന വില കി.ഗ്രാമിന് 11.50 രൂപ യിൽ നിന്നും 12.10 രൂപയായി വർദ്ധിപ്പിച്ചു. 1.4.1999 മുതൽ ഗോതമ്പിന്റെ കേന്ദ്ര വിൽപ്പനവില 650 രൂപയിൽനിന്നും 682 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി.

(ബി) റേഷൻ സാധനങ്ങളുടെ വില സംസ്ഥാന സർക്കാർ വർദ്ധിപ്പി ക്കാറില്ല. കേന്ദ്ര സർക്കാർ വർദ്ധിപ്പിക്കുന്ന വില നടപ്പിലാക്കുക മാത്രമാണ് ചെയ്യുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണ്ണെണ്ണ യുടെ വില വർദ്ധിപ്പിച്ചിട്ടില്ല. കേന്ദ്ര വിൽപ്പന വിലയിലുണ്ടായ മാറ്റത്തെ തുടർന്ന് അരിയുടെ വില 1.6.97, 1.12.97, 29.1.99, 1.4.99 തീയതികളിലും പഞ്ച

LIBRARY ARCHIVES Kerala Legislative Assembly

സാരയുടെ വില 10.2.97, 1.10.97, 15.2.99 തീയതികളിലും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ഡി)മുതൽ (എഫ്)വരെ വില വർദ്ധനവ് രേഖപ്പെടുത്തുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു†

(ജി) ഈ ഗവൺമെന്റ് റേഷൻ വ്യാപാരികളുടെ കമ്മിഷൻ വർദ്ധിപ്പിക്കുന്നതിനായി റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല.

103 (103) അരിയുടെയും ഗോതമ്പിന്റെയും വില വർദ്ധന

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങളിൽ കൂടി വിതരണം ചെയ്യുന്ന അരിയുടെയും ഗോതമ്പിന്റെയും വില അവസാനമായി വർദ്ധിപ്പിച്ചതെന്നാണ്; അവയുടെ വർദ്ധിപ്പിച്ച വില എത്രയാണ്; വർദ്ധനവിനുമുമ്പുള്ള വില എത്രയായിരുന്നു;

(ബി) അരിയുടെ വില വർദ്ധിപ്പിച്ചതോടുകൂടി മറ്റു നിത്യോപയോഗ സാധനങ്ങൾക്കുണ്ടായ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു കണക്കിലെടുത്ത് അരിക്കും ഗോതമ്പിനും വില കുറയ്ക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ ഏറ്റവും ഒടുവിലായി റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചത് 29.1.99-നും ഗോതമ്പിന്റെ വർദ്ധിപ്പിച്ചത് 1.4.99-നും ആണ്. 'എ' ഗ്രേഡ് അരിയുടെ വില കിലോഗ്രാമിന് 7.50 രൂപയിൽ നിന്നും 9.60 രൂപയായും ഗോതമ്പിന്റേത് 7 രൂപയിൽ നിന്നും 7.35 രൂപയായും ആണ് വർദ്ധിപ്പിച്ചത്.

(ബി)&(സി) റേഷനരിയുടെ വില വർദ്ധിപ്പിച്ചതുകൊണ്ട് മറ്റു നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചതായി ഗവൺമെന്റ് കരുതുന്നില്ല. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് പിടിച്ചു നിർത്തുവാൻ ഗവൺമെന്റ് എല്ലാവിധ മുൻകരുതലുകളും തുടർന്നു വരുന്നുണ്ട്. പൊതുവിതരണ രംഗം ശക്തിപ്പെടുത്തിയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള കമ്പോള ഇടപെടൽ നടപടികൾ മൂലവും ഗവൺമെന്റ് ഇക്കാര്യത്തിൽ സദാ ജാഗരൂകരാണ്. റേഷനരിയുടെ വിതരണ വില (ഇഷ്യൂ പ്രൈസ്) നിശ്ചയിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. അത് വർദ്ധിപ്പിച്ച അവസരങ്ങളിലും സംസ്ഥാന ഗവൺമെന്റ് നൽകിവരുന്ന സബ്സിഡി തുടരുവാനും കൂടുതൽ കുടുംബങ്ങൾക്ക് അതിന്റെ ആനുകൂല്യം ലഭ്യമാക്കുവാനും സംസ്ഥാനം പരമാവധി ശ്രമിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly